# മരണത്തിനപ്പുറം

*ആ അന്ത്യസമയം സംബന്ധിച്ച അറിവ്*
*അല്ലാഹുവിങ്കൽ മാത്രമാണുള്ളത്.*
*അവൻ മഴ വീഴ്ത്തുന്നു.*
*ഗർഭാശയങ്ങളിലുള്ളതെന്തെന്ന് അറിയുന്നു.*
*നാളെ താൻ എന്തു നേടുമെന്ന് ആർക്കും*
*അറിയില്ല.*
*ഏതു നാട്ടിൽ വെച്ചാണ് മരിക്കുകയെന്നും*
*അറിയില്ല.*
*അല്ലാഹു എല്ലാം സൂക്ഷ്മമായി*
*അറിയുന്നവനാണ്.*

വിശുദ്ധ ഖുർആൻ, അധ്യായം: ലുഖ്മാൻ, സൂക്തം: 34

# മരണത്തിനപ്പുറം

# മരണത്തിനപ്പുറം

കെ.ടി അബ്ദുറഹീം

ഡയലോഗ് സെന്റർ കേരള

# മരണത്തിനപ്പുറം

**MARANATHINAPPURAM**
*(Malayalam)*
By. K.T ABDURAHEEM
Publishers:
DIALOGUE CENTRE KERALA
P.O. Box : 833, Mavoor Road,
Kozhikkode-4
Kerala, India.
email-dialogueck@gmail.com
web: islamnmalayalam.net
First Edition: February, 2013
Editing: K Yaseen Ashraf
Layout & Cover Design: Jafar KP Karinganad
Proof: Nooruddeen Chennara
Printers:
Rights with the Publishers

# തുടക്കം

മരണത്തിനപ്പുറം എന്തെന്നറിയാൻ കൊതിക്കാത്തവരാരുണ്ട്? ഒരു നാൾ എല്ലാവരും ചെന്നെത്തുന്ന ആ നിമിഷത്തെയും അതിനുശേഷമുള്ള വസ്തുതകളെയും അന്വേഷിച്ചവർ ധാരാളമാണ്.

അന്വേഷണം വഴിമുട്ടിയപ്പോൾ പലരും മരണത്തിനപ്പുറം ഒന്നുമില്ലെന്ന് നിഷേധിച്ചു മടങ്ങി. പിന്നെയും, മരണമെന്ന യാഥാർഥ്യത്തിനപ്പുറം എന്തായിരിക്കുമെന്ന ചിന്തയിലേക്ക് മുന്നിൽ കാണുന്ന മരണങ്ങൾ അവരെ വിളിച്ചുകൊണ്ടിരുന്നു. കഥ പറഞ്ഞും ഭയപ്പെടുത്തിയും പരലോകം ബോധ്യപ്പെടുത്താൻ ശ്രമിച്ചവർക്ക് ബുദ്ധിയോട് സംവദിക്കാൻ കഴിഞ്ഞില്ല. അവർ ബുദ്ധി ഉപയോഗിച്ച് ചിന്തിച്ചവരെ നിഷേധികളെന്ന് മുദ്രകുത്തി മാറ്റി നിർത്തി.

പരലോകത്തെ സംബന്ധിച്ച് പ്രശസ്ത പണ്ഡിതൻ കെ.ടി. അബ്ദുറഹീം നിർവഹിച്ച പ്രഭാഷണത്തിന്റെ അക്ഷരാവിഷ്കാരമാണ് ഈ പുസ്തകം. പരലോകത്തെ നിഷേധിക്കുന്നവരെ ഇത് വീണ്ടുവിചാരത്തിന് പ്രേരിപ്പിക്കും. മരണശേഷം സ്രഷ്ടാവായ ദൈവത്തെ കണ്ടുമുട്ടുകയെന്ന അനിർവചനീയതയിലേക്ക് മനുഷ്യമനസ്സിനെ ഇത് ഉണർത്തും.

നിങ്ങളുടെ ജീവിതവഴിയിൽ വേദപ്രകാശം ചൊരിയാൻ ഈ ലഘുഗ്രന്ഥത്തിന് സാധിക്കട്ടെ.

**പ്രസാധകർ**

# മരണത്തിനപ്പുറം

മരണത്തിനപ്പുറമുള്ള ജീവിതത്തെക്കുറിച്ച് പറയുന്നതിനു മുമ്പ് ജനനത്തെയും മരണത്തെയും കുറിച്ച് സൂചിപ്പിക്കേണ്ടതുണ്ട്. അറിയാവുന്ന ഒന്നിൽനിന്നു മാത്രമേ അറിയാത്തതിലേക്ക് എത്തിച്ചേരാൻ കഴിയുകയുള്ളൂ. ഏതെങ്കിലും വിധത്തിൽ അറിയാവുന്നതിനെ അറിയാത്തതിലേക്ക് എത്തിച്ചേരാനുള്ള മാർഗമായിട്ടാണ് നമ്മൾ സ്വീകരിക്കാറ്. ഒരു കുട്ടിക്ക് 'പ' അറിയില്ല. പക്ഷേ പഠിക്കാതെത്തന്നെ പരിചയമുള്ള ഒരു സാധനം കുട്ടിയുടെ ഓർമയിൽ കൊണ്ടുവന്ന് 'പ' പഠിപ്പിക്കാൻ അധ്യാപകൻ ശ്രമിക്കും. ഒരു കടലാസിലെ പനയുടെ ചിത്രം കാണിച്ചുകൊണ്ട് കുട്ടിയോട് ചോദിക്കും:

'ഇതെന്താണ് മോനേ?'

കുട്ടി 'പന' എന്നു പറയും.

അതിന്റെ താഴെ പന എന്നെഴുതിയിട്ടുണ്ടാവും.

'പ' ആണ് പഠിപ്പിക്കേണ്ടത്. അതുകൊണ്ട് ആ അക്ഷരം ചുവന്ന നിറത്തിലായിരിക്കും. രണ്ടു മൂന്നു തവണ പനയുടെ ചിത്രം കാണിച്ചുകൊടുത്ത് കുട്ടിയെക്കൊണ്ട് 'പന' എന്നു പറയിപ്പിക്കും. പിന്നീട് അക്ഷരങ്ങളിൽ കൈവെച്ചിട്ട് 'പ' 'ന' എന്നു പറയിപ്പിക്കും. അങ്ങനെ

അറിയാവുന്ന കാര്യങ്ങൾ മുമ്പിൽ വെച്ചിട്ട് അറിയാത്തത് പഠിപ്പിക്കാൻ കഴിയുന്നു.

മരണാനന്തരജീവിതം നമ്മുടെ മുമ്പിലുള്ള ഒന്നല്ല. മരണംവരെ മാത്രമേ നമ്മുടെ മുമ്പിലുള്ളൂ. നമ്മുടെ മുമ്പിലില്ലാത്ത മരണാനന്തരാവസ്ഥയെപ്പറ്റി മരിക്കാത്ത നമ്മളെങ്ങനെ മനസ്സിലാക്കും? തീരെ അറിയാത്ത ഒരു കാര്യം അന്വേഷിക്കുക സാധ്യമല്ലെന്ന് അറബിയിൽ ഒരു പ്രയോഗമുണ്ട്. പഠനം നടത്തണമെങ്കിൽ അതിനെ സംബന്ധിച്ച് എന്തെങ്കിലുമൊക്കെ അല്പം അറിയേണ്ടതുണ്ട്.

അവർ ചോദിക്കുന്നു, ഞങ്ങൾ എല്ലുകളും നുരുമ്പിയ
തുരുമ്പുകളുമായാൽ പിന്നെയും പുതിയ സൃഷ്ടിയായി
ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ?
പറയുക: നിങ്ങൾ കല്ലോ ഇരുമ്പോ ആയിക്കൊള്ളുക.
അല്ലെങ്കിൽ നിങ്ങളുടെ മനസ്സിൽ കൂടുതൽ
വലുതായിത്തോന്നുന്ന മറ്റുവല്ല സൃഷ്ടിയുമായിത്തീരുക.
എന്നാലും നിങ്ങളെ ഉയിർത്തെഴുന്നേൽപിക്കും.
അപ്പോഴവർ ചോദിക്കും. ആരാണ് ഞങ്ങളെ ജീവിതത്തിലേക്ക്
തിരിച്ചുകൊണ്ടുവരിക?' പറയുക: 'നിങ്ങളെ ആദ്യം സൃഷ്ടിച്ചവൻ
തന്നെ'. അന്നേരമവർ നിന്റെ നേരെ തലയാട്ടിക്കൊണ്ട്
ചോദിക്കും: 'എപ്പോഴാണ് അതുണ്ടാവുക'? പറയുക:
'അടുത്തുതന്നെ ആയേക്കാം'.
വിശുദ്ധ ഖുർആൻ, അധ്യായം: അൽ ഇസ്റാഅ്, സൂക്തം: 49 - 51

## ദൈവവിശ്വാസം കൊണ്ട് എന്തു കാര്യം?

മരണാനന്തരാവസ്ഥ ബോധ്യം വന്നിട്ടില്ലെങ്കിൽ മറ്റെന്ത് വിശ്വാസവും ബോധ്യവുമുണ്ടായിട്ട് ഒരു കാര്യവുമില്ല. ദൈവവിശ്വാസികൾ ലോകത്ത് കാട്ടിക്കൂട്ടുന്ന ക്രൂരതകൾ, ദൈവവിശ്വാസം അവരുടെ കർമജീവിതത്തിന് കടിഞ്ഞാണാകുന്നില്ലെന്ന് തെളിയിക്കുന്നു. ദൈവവിശ്വാസികൾ ലോകത്ത് ചെയ്യുന്ന ക്രൂരതകളെല്ലാം ദൈവം പറഞ്ഞിട്ടാണ് ചെയ്യുന്നതെന്നാണ് വിശ്വാസികൾ വാദിക്കുന്നത്.

ഭക്ഷണം കിട്ടാതെ, മരുന്ന് കിട്ടാതെ ലക്ഷക്കണക്കിന് പിഞ്ചുകുഞ്ഞുങ്ങൾ മരിച്ചുവീഴുമ്പോഴും ഒരുനാട്ടിൽ ഉപരോധം. ആരാണ് ഉപരോധമേർപ്പെടുത്തിയതെന്ന് ചോദിച്ചാൽ ദൈവവിശ്വാസികൾ! നിരപരാധികൾക്കെതിരിൽ ക്രൂരമായ കലാപങ്ങളുണ്ടാക്കിയിട്ട്, ആ കലാപങ്ങൾക്കിടയിൽ മാതാവിന്റെ മാറിടത്തിൽ കെട്ടിപ്പിടിച്ച് ഭയന്നുവിറച്ചു കഴിയുന്ന പിഞ്ചോമനയെ വലിച്ചെടുത്ത് മുകളിലേക്കെറിഞ്ഞ്, താഴെ വീഴുമ്പോൾ കുന്തം കാണിച്ചുകൊടുത്ത്, ആ കുന്തം തുളഞ്ഞ് പിടഞ്ഞുപിടഞ്ഞു മരിക്കുന്ന കുഞ്ഞിനെ നോക്കി രാക്ഷസൻമാരെപ്പോലെ പൊട്ടിച്ചിരിച്ചത് ദൈവവിശ്വാസമില്ലാത്തവരായിരുന്നില്ല. നമ്മുടെ മഹാരാജ്യമായ ഭാരതത്തിലും മറ്റു രാജ്യ

ങ്ങളിലുമൊക്കെയും നടന്നിട്ടുള്ള കാര്യങ്ങളാണിത്. വലിയ സംസ്കാരസമ്പന്നരുടെ നാടെന്ന് അവകാശപ്പെടുന്ന യൂറോപ്പിലെ ബോസ്നിയ എന്ന കൊച്ചുരാജ്യത്ത് നടന്ന ക്രൂരമായ കൂട്ടക്കൊലകളെക്കുറിച്ച് നാം കേട്ടിട്ടുണ്ടാകും. അവരും ദൈവവിശ്വാസികളായിരുന്നു. പിതാവിന്റെ കൈയിൽ കത്തികൊടുത്ത് മകന്റെ കഴുത്തറുത്തു കൊന്ന് രക്തം കുടിക്കാൻ ആവശ്യപ്പെടുക. സ്വരക്ഷക്കായി മകനെ കൊന്ന പിതാവിന്റെ മുമ്പിൽ വെച്ച് അയാളുടെ ഭാര്യയെ, ആ മകന്റെ അമ്മയെ മാനഭംഗപ്പെടുത്തുക. താനെങ്കിലും രക്ഷപ്പെടുമെന്ന വിശ്വാസത്തോടുകൂടി നിന്ന പിതാവിനെ ചിത്രവധം ചെയ്യുക. ഇങ്ങനെയൊക്കെ ചെയ്തതു ദൈവനിഷേധികളല്ല. അതുകൊണ്ടുതന്നെ കേവല ദൈവവിശ്വാസം മനുഷ്യന്റെ ജീവിതത്തിന് കടിഞ്ഞാണിടുന്നില്ലെന്നു പറയേണ്ടതായി വരുന്നു.

ദൈവങ്ങളെ പൂജിച്ചുകൊണ്ട് ദൈവകൽപനക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ കാണാറില്ലേ? അവർ സഞ്ചരിക്കാറുള്ള വാഹനങ്ങളിൽ ദൈവങ്ങളുടെ ചിത്രമുണ്ടാകും. രാവിലെ ഓട്ടം തുടങ്ങുന്ന ബസ് ആദ്യം കാണുന്ന കാണിക്കപ്പെട്ടികളിലെല്ലാം കാശിട്ടുകൊണ്ടാണ് കടന്നുപോകാറുള്ളത്. എന്തിനാണ് ഈ കാണിക്കപ്പെട്ടികളിൽ കാശിടുന്നത്? ‘ദൈവമേ എന്നെ രക്ഷപ്പെടുത്തേണമേ’ എന്ന പ്രാർഥനയോടെയാണോ? അതല്ല, ‘എന്റെ ബസ് എവിടെയും തട്ടിമുട്ടി നശിക്കാതെ ട്രിപ്പവസാനിപ്പിച്ച് നല്ല കളക്ഷനുമായി തിരിച്ചുവരണ’മെന്ന പ്രാർഥനയോടെയാണോ?
ചെക്ക്പോസ്റ്റിന് സമീപമുള്ള കാണിക്കപ്പെട്ടികളിൽനിന്നും വലിയ സംഖ്യ ലഭിച്ചാൽ മനസ്സിലാക്കാം, അതുവഴി കള്ളക്കടത്ത് ഉണ്ടായിട്ടുണ്ടെന്ന്! ഗൾഫിൽനിന്ന് തിരിച്ചുപോരുമ്പോൾ കൊണ്ടുവരാൻ പാടില്ലാത്ത സാധനങ്ങൾ ഒളിച്ചുവെച്ച് കൊണ്ടുവരുമ്പോൾ, അത് കസ്റ്റംസിന്റെ കണ്ണിൽപ്പെടാതെ വീട്ടിലെത്തിയാൽ താൻ ഏതെങ്കിലും പള്ളിയിലേക്കോ ക്ഷേത്രത്തിലേക്കോ ചർച്ചിലേക്കോ ഇത്ര സംഖ്യ കൊടുത്തുകൊള്ളാമെന്ന് അവരവരുടെ വിശ്വാസത്തിനനുസരിച്ച് ദൈവവിശ്വാസികൾ നേർച്ച നേരാറുണ്ട്. കസ്റ്റംസിന്റെ കണ്ണിൽ പെടാതെ രക്ഷപ്പെട്ടാൽ നേർച്ച പൂർത്തിയാക്കിയിട്ടേ അവർ വീട്ടിലേക്ക് പോവുകയുള്ളൂ. താൻ ചെയ്ത ‘ഒരു നല്ല കർമം’ ദൈവം സ്വീകരിക്കണമെന്ന മനസ്സോടുകൂടിയാണോ ഈ വിശ്വാസികൾ ഇതൊക്കെ ചെയ്യുന്നത്?

> ഈ ഭൂമി ഒരുനാൾ ഭൂമിയല്ലാതായിത്തീരും. ആകാശങ്ങളും അങ്ങനെത്തന്നേ. ഏകനും എല്ലാം അടക്കിഭരിക്കുന്നവനുമായ അല്ലാഹുവിനുമുമ്പിൽ അവർ മറയില്ലാതെ പ്രത്യക്ഷപ്പെടും.
> എല്ലാവർക്കും തങ്ങൾ സമ്പാദിച്ചതിന്റെ പ്രതിഫലം അല്ലാഹു നല്കുന്നതിനുവേണ്ടിയത്രേ ഇത്. അല്ലാഹു അതിവേഗം കണക്കുനോക്കുന്നവനാണ്.
> വിശുദ്ധ ഖുർആൻ, അധ്യായം: ഇബ്റാഹീം, സൂക്തം: 48, 51

# പിന്നെ എന്തിനാണ് ദൈവവിശ്വാസം?

ക്രൂരവും കുറ്റകരവുമായ പ്രവർത്തനങ്ങളിൽനിന്ന് ദൈവവിശ്വാസം മനുഷ്യനെ തടയുന്നില്ലെങ്കിൽ പിന്നെ എന്തിനാണ് ദൈവവിശ്വാസം? ഒരു ദൈവവിശ്വാസിയും ദൈവനിഷേധിയും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? അതുകൊണ്ടുതന്നെ, വിശ്വാസങ്ങളിൽ സുപ്രധാനമായത്, മരണാനന്തരജീവിതമെന്ന യാഥാർഥ്യത്തിലുള്ള വിശ്വാസവും ബോധ്യവുമാണ്.

മരണാനന്തരവിശ്വാസത്തിന്റെ അഭാവത്തിൽ ദൈവവിശ്വാസം പ്രയോജനരഹിതമാണ്. ദൈവവിശ്വാസമില്ലെങ്കിൽ മരണാനന്തരജീവിതവിശ്വാസം അസാധ്യവുമാണ്. ഇവ തമ്മിലുള്ള ബന്ധം ഈ രീതിയിലുള്ളതായതുകൊണ്ട് രണ്ടു വിശ്വാസങ്ങളും ഒരേപോലെ പ്രധാനമാണ്. അതുകൊണ്ട് ദൈവം തന്റെ വേദഗ്രന്ഥങ്ങളിൽ പരലോകവിശ്വാസമാണ് ദൈവവിശ്വാസത്തേക്കാൾ കൂടുതൽ സമർപ്പിച്ചിട്ടുള്ളത്. ഖുർആനിലും അങ്ങനെത്തന്നെയാണ്. മരണാനന്തരവിശ്വാസം നമ്മുടെ മനസ്സിൽ വേരോടണമെങ്കിൽ ചില കാര്യങ്ങൾ ആദ്യംതന്നെ നാം മനസ്സിലാക്കേണ്ടതുണ്ട്.

# എവിടെനിന്നാണ് വന്നത്?

അറിയുമെന്ന് നാം അവകാശപ്പെടുന്ന, എന്നാൽ ആർക്കും അറിയാത്ത ജനനമെന്ന യാഥാർഥ്യത്തെ സംബന്ധിച്ച് ആദ്യം ചിലത് സൂചിപ്പിക്കുകയാണ്. നമ്മൾ ജനിച്ചവരാണല്ലോ. എവിടെ നിന്നാണ് നാം ജനിച്ചത്?

മാതാവിന്റെ ഗർഭാശയത്തിൽനിന്നാണ് ജനിച്ചത്. മാതാവിന്റെ ഗർഭാശയത്തിൽ ഒരുപാട് മാറ്റങ്ങൾക്ക് വിധേയമായാണ് ജീവിച്ചത്. ഒമ്പതു മാസത്തിലധികം മാതാവിന്റെ ഗർഭാശയത്തിൽ നാം കഴിച്ചുകൂട്ടിയിട്ടുണ്ട്. കൈയും കാലും കണ്ണും കാതുമൊക്കെ വളർന്നതിനും അസ്ഥികൂടം പൂർണമായതിനും ശേഷം നാലഞ്ചുമാസം മാതാവിന്റെ ഗർഭാശയത്തിൽ നാം കഴിച്ചുകൂട്ടിയിട്ടുണ്ട്. കണ്ണുണ്ടായിരുന്നു. എന്നാൽ അത് തുറക്കുകയില്ല, തുറക്കാൻ പാടില്ല. അവിടെ കണ്ണ് തുറന്നിട്ടുണ്ടെങ്കിൽ ഭൂമിയിൽ കണ്ണില്ലാതെ വരേണ്ടിവരും. അതുപോലെ മറ്റെല്ലാ അവയവങ്ങളുമുണ്ടായിരുന്നു. ആ അവയവങ്ങളുടെ പ്രവർത്തനം പൂർണാർഥത്തിൽ അവിടെ നടത്തിയില്ല.

മാതാവിന്റെ ഗർഭാശയത്തിൽ നാം കഴിച്ചുകൂട്ടിയെന്ന യാഥാർഥ്യം സത്യത്തിൽ നമുക്ക് ഓർമയില്ല. ലോകത്തിൽ ഏറ്റവും ഓർമശക്തിയുള്ളവർക്കും അത് ഓർമയുണ്ടാവില്ല.

നമ്മുടെ ജീവിതത്തിൽ കഴിഞ്ഞുപോയ ഗർഭാശയ ജീവിതം, പ്രസവം, ജനനം എന്നിവ നമുക്ക് ഓർമയുള്ളതുകൊണ്ടല്ല അവയെ നാം നിഷേധിക്കാത്തത്. പ്രസവിക്കുന്ന ജീവജാലങ്ങളും മനുഷ്യരും ജീവിക്കുന്നതിന്റെ ഇടയിലാണ് നാം ജീവിക്കുന്നത് എന്നതുകൊണ്ടാണ്.

# അങ്ങനെ ഒരു ലോകമില്ല!

അമ്മയുടെ ഗർഭാശയത്തിൽ പത്തുമാസം പൂർത്തിയാക്കി ഒരു കുഞ്ഞ് ഭൂമിയിലേക്ക് പോകാനൊരുങ്ങി നിൽക്കുന്നു. തന്നെ ചുറ്റി നിൽക്കുന്ന, തനിക്ക് പോഷകം തരുന്ന പല വേരുകളും അവിടെ യുണ്ട്. അവയുടെ കൂടെ ആ വെള്ളത്തിൽ സുഖിച്ചു ജീവിക്കുക യാണ്. അപ്പോൾ അമ്മയുടെ ഗർഭാശയത്തിലേക്ക് ഒരുപദേശകൻ വരുന്നു. അയാളുടെ വിഷയം പ്രസവാനന്തരലോകമാണ്. അയാൾ കുഞ്ഞിനോടു പറഞ്ഞു;

“നീ ഇവിടെ കഴിയേണ്ടവനല്ല. ഇവിടത്തെ ജീവിതം കുറഞ്ഞ കാലമാണ്. ഇവിടെനിന്ന് മരിച്ച് വിശാലമായ മറ്റൊരു ലോകത്ത് നീ ജനിക്കും. അവിടെ ജ്വലിച്ചുനിൽക്കുന്ന സൂര്യനുണ്ട്. ചന്ദ്രനുണ്ട്. ചീറിപ്പായുന്ന വാഹനങ്ങളുണ്ട്. അങ്ങനെ പലതുമുള്ള ലോകത്തേ ക്കാണ് നീ പോകേണ്ടത്.”

ഇതു കേട്ട് കുഞ്ഞു പറഞ്ഞു.

“അങ്ങനെ ഒരു ലോകമില്ല. എനിക്കങ്ങോട്ടു പോകുകയും വേണ്ട.”

പക്ഷേ, പോയേ പറ്റൂ..........

അങ്ങനെ ഭൂമിയിലേക്ക് വരുമ്പോൾ പൊട്ടിപ്പൊട്ടിക്കരയുകയാ ണ്. എന്തിനു കരഞ്ഞു?

മാതാവിന്റെ ഗർഭാശയത്തിൽ അവൻ കഴിച്ചുകൂട്ടിയ കാലത്ത് അവന് ബോധ്യപ്പെടാനും ഉൾക്കൊള്ളാനും സാധിച്ചിട്ടില്ലാത്ത അനു ഭവങ്ങൾ ഈ ഭൂമിയിലേക്കു വന്നപ്പോൾ അവനുണ്ടായി. അവനറി യാത്ത ഒരു ലോകത്തേക്കു കയറിവന്നപ്പോൾ അവൻ ഭയപ്പെട്ടു. അതുകൊണ്ട് അവൻ കരഞ്ഞു. ഒരു പാട് അവസ്ഥകൾ മാറി മാറി യാണല്ലോ അവനിവിടെ എത്തിയത്.

# ഇത്രയേയുള്ളൂ മനുഷ്യജന്മം

നമ്മൾ താണ്ടിക്കടന്നു വന്ന പരിവർത്തനങ്ങളെക്കുറിച്ച് ഖുർ ആൻ വിവരിക്കുന്നുണ്ട്. അതെല്ലാം കടന്ന് ഈ ഭൂമിയിൽ നാം വന്നു. ഇനി നമ്മൾ ഭൂമിയിൽ ജീവിക്കുകയാണ്. കുറേക്കാലം നമുക്ക് ജീവിതം അറിഞ്ഞുകൂടായിരുന്നു. സംസാരിക്കാൻ അറിയില്ല. ചിരിക്കാനറിയാം, കരയാനറിയാം. 'എനിക്ക് വിശക്കുന്നു. ഭക്ഷണം വേണം' എന്ന് പറയാൻ കഴിവില്ല. ഭക്ഷണമെടുത്ത് കഴിക്കാൻ കൈകൾക്ക് കഴിവില്ല. ഭക്ഷണമുള്ളിടത്തേക്ക് നടന്നുപോകാൻ കാലുകൾക്ക് കഴിവില്ല.

അങ്ങനെ കഴിഞ്ഞുകൂടിയ മനുഷ്യൻ തന്റേടമുള്ളവനായി. അവൻ പലതും ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു.

ഇന്നലത്തേത് അവനറിയാം. ഇന്നത്തേത് അവനറിയാം. നാളെ എന്തെന്ന് അറിയില്ല.

മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് മരണത്തിന് ആറുദിവസം മുമ്പ് മോഹാലസ്യമുണ്ടായി. അതിൽനിന്ന് മുക്തനായപ്പോൾ അദ്ദേഹം പറഞ്ഞു:

"എന്റെ ജീവിതം ഇപ്പോഴൊന്നും അവസാനിക്കുകയില്ല"

1964 ലായിരുന്നു അത്. അതിന്റെ ആറാം ദിവസം അദ്ദേഹം മരണപ്പെട്ടു!

നാളെ എവിടെ എങ്ങനെ എപ്പോൾ മരിക്കുമെന്ന് മനുഷ്യനറിയില്ല. അതാണല്ലോ ജീവിതം. മനുഷ്യൻ വളർന്നു വലുതായി ചെയ്യേണ്ടതൊക്കെ ചെയ്ത് അവന്റെ ധർമം പൂർത്തീകരിച്ച് ഇവിടെ നിന്ന് മടങ്ങുന്നു. അതിനാണല്ലോ നമ്മൾ മരണം എന്ന് പറയുന്നത്.

*ആ അന്ത്യസമയം സംബന്ധിച്ച അറിവ് അല്ലാഹുവിങ്കൽ മാത്രമാണുള്ളത്. അവൻ മഴ വീഴ്ത്തുന്നു. ഗർഭാശയങ്ങളിലുള്ളതെന്തെന്ന് അറിയുന്നു. നാളെ താൻ എന്തു നേടുമെന്ന് ആർക്കും അറിയില്ല. ഏതു നാട്ടിൽ വെച്ചാണ് മരിക്കുകയെന്നും അറിയില്ല. അല്ലാഹു എല്ലാം അറിയുന്നവനാണ്. സൂക്ഷ്മജ്ഞനും.*

വിശുദ്ധ ഖുർആൻ, അധ്യായം: ലുഖ്മാൻ, സൂക്തം: 34

# എന്റെ എന്താണ് നഷ്ടപ്പെട്ടത്?

മരണം നമുക്ക് അറിയാമെന്നാണ് നാം പറയാറുള്ളത്. സത്യത്തിൽ ജനനം നമുക്ക് അറിയാത്തതുപോലെ മരണവും അറിയില്ല. എന്താണ് സംഭവിച്ചത് എന്ന് നമുക്കറിയുമോ? എന്റെ എന്താണ് നഷ്ടപ്പെട്ടത്? എന്റെ 'സത്ത്' പോയി. ആ 'സത്ത്' എന്താണെന്ന് ആർക്കെങ്കിലും വിവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? എന്താണ് ആ 'സത്ത്'?

'ഞാൻ' , 'നീ', 'അവൻ' ഈ വാക്കുകളിലൂടെ ആരെയാണ് നാം ചൂണ്ടിക്കാണിക്കുന്നത്? കൈ, കാൽ, കണ്ണ് പോലുള്ള നമ്മുടെ അവയവങ്ങൾ ഓരോന്നും വേർപ്പെടുത്തി മാറ്റിവെച്ചാൽ അവയെല്ലാം ഓരോ അവയവം മാത്രം. അതിലേതെങ്കിലും ഒന്ന് ഞാനാണോ? ഞാനെവിടെ, നീയെവിടെ, അവനെവിടെ?

എന്റെ ഏതെങ്കിലും അവയവമാണോ എന്റെ നഷ്ടപ്പെട്ട 'സത്ത്'? മരണപ്പെട്ട എന്നെ കുഴിമാടത്തിലേക്ക് കൊണ്ടുപോകുമ്പോൾ എന്റെ എന്താണ് ഇല്ലാത്തത്? എന്റെ അവയവങ്ങളെല്ലാമുണ്ട്. പക്ഷേ, എന്തോ ഒന്ന് നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ മരിച്ചിരിക്കുന്നു.

എന്നെ എല്ലാവരും ചേർന്ന് കൊണ്ടുപോയി കുഴിമാടത്തിൽ വെച്ചുവല്ലോ. അല്ലെങ്കിൽ ദഹിപ്പിച്ചുവല്ലോ. അങ്ങനെ കുഴിമാടത്തിൽ വെക്കുമ്പോൾ അല്ലെങ്കിൽ ദഹിപ്പിക്കുമ്പോൾ എന്നിൽ ഇല്ലാത്തത് എന്താണോ, അതാണ് യഥാർഥത്തിൽ സത്ത്. അത് നഷ്ടപ്പെട്ട് പോയിരിക്കുന്നു.

ആ സത്ത് എവിടെനിന്നാണ് നമുക്ക് ലഭിച്ചത്? എവിടെനിന്നാണ് നമ്മളിലേക്കത് വന്നുചേർന്നത്? അതിനെ സംബന്ധിച്ചാണ് ഇനി നാം ചിന്തിക്കേണ്ടത്. അപ്പോഴേ മരണം എന്താണെന്ന് മനസ്സിലാകൂ.

# ആയുസ്സിന്റെ നാൾവഴികൾ

മാതാവിന്റെ ഗർഭാശയത്തിൽ വളർച്ച പ്രാപിച്ച് ആദ്യമായി രൂപം കൊള്ളുന്നത് അസ്ഥികൂടങ്ങളാണ്. ആ അസ്ഥികൂടങ്ങളൊക്കെ രൂപപ്പെട്ടതിനുശേഷം അതിൽ മാംസംകൊണ്ട് പൊതിഞ്ഞ് പൂർണവളർച്ച പ്രാപിച്ചുകഴിഞ്ഞാൽ അതിലേക്ക് എവിടെനിന്നോ ഒരു സത്ത് കടന്നുവരുന്നു. അത് ശരീരത്തിന്റെ അംശമല്ല. ശരീരത്തിന്റെ ഏതെങ്കിലും ഒരംശത്തിൽനിന്നും എടുത്തതുമല്ല. ജീവനുള്ള ശരീരം തന്നെയാണ് അതുവരെ അവിടെയുള്ളത്.

ജീവനുള്ള ബീജം അണ്ഡവുമായി കൂടിച്ചേർന്നാൽ മാത്രമേ വളരുകയുള്ളൂ. ജീവനില്ലാത്ത ഒരു ബീജവും വളരുകയില്ല. അതുപോലെ അണ്ഡത്തിന് ബീജത്തെ സ്വീകരിക്കാനുള്ള ശേഷിയുമുണ്ടാകണം. ജീവനുള്ള രണ്ടെണ്ണം കൂടിച്ചേർന്ന് മാതാവിന്റെ ഗർഭാശയത്തിൽ ഒരു പാളിയിൽ അള്ളിപ്പിടിച്ച് പോഷകങ്ങൾ വലിച്ചെടുത്താണല്ലോ വളരുന്നത്. ഈ പരിവർത്തനഘട്ടം ഖുർആൻ വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്.

അവിടെ ശരീരം പൂർണത പ്രാപിച്ചതിനുശേഷം എന്തോ ഒന്ന് വന്നുചേരുന്നുണ്ട്. ശരീരത്തിന്റെ അംശമായിരുന്നില്ല അത്. അതിനെ ജീവച്ഛക്തി എന്ന് പറഞ്ഞാൽ ശരിയാവുകയില്ല. കാരണം ജീവനതിനുമുമ്പുതന്നെയുണ്ട്. ജീവൻ ലഭിച്ചിട്ടുള്ള ശരീരത്തിലേക്ക് കയറിവന്ന ഈ സത്ത് ആ ശരീരത്തിന്റെ പ്രവർത്തനങ്ങളെ ഭൂമിയിൽ നിയന്ത്രിക്കുന്ന ഒരു കടിഞ്ഞാണാണ്. അതാണ് പിന്നീട് ശരീരത്തെ കൊണ്ടുനടക്കുക. അതിനെയാണ് 'ആത്മാവ്' എന്ന് മലയാളത്തിലും 'റൂഹ്' എന്ന് അറബിയിലും പറയുന്നത്. അത് ആജ്ഞ, കൽപന അഥവാ വചനം മാത്രമാണ്. ഖുർആൻ അത് ബോധ്യപ്പെടുത്തിത്തരികയും ചെയ്തിരിക്കുന്നു. അതാണ് ഈ പൂർണവളർച്ചയെത്തിയ മനുഷ്യനിലേക്ക് കടന്നുവരുന്നത്. അത് ശരീരത്തിന്റെ അംശമല്ല.

# കാറു കേടു വന്നപ്പോൾ ഡ്രൈവർ ചെയ്തത്

ഒരു കമ്പനി പൂർണയോഗ്യമായ ഒരു കാർ ഇറക്കുന്നു. അതിൽ എഞ്ചിനുണ്ട്, പെട്രോളുണ്ട്. മറ്റെല്ലാമുണ്ട്. എന്നാൽ ആ കാർ ഓടിച്ചുപോകുന്നത് കാറിൽ കയറുന്ന ഡ്രൈവറാണ്. ആ കാറിലെ ഡ്രൈവറുടെ സ്ഥാനമാണ് ജീവനുള്ള ശരീരത്തിൽ ആത്മാവിനും. ആ ആത്മാവാണ് ശരീരത്തെ നിയന്ത്രിക്കുന്നത്.

മനുഷ്യന്റെ ആരോഗ്യം പലപ്പോഴും തകരാറിലാകും. അപ്പോൾ ചികിൽസിച്ച് ശരിയാക്കി തിരിച്ചുകൊണ്ടുവരും. നമ്മുടെ കാർ ചീത്തയാകുമ്പോൾ ശരിയാക്കുവാൻ കൊണ്ടുപോയി കൊടുക്കുന്നതുപോലെ. ഒരുപാടുതവണ നന്നാക്കിയാൽ പിന്നീട് അത് നന്നാക്കാൻ പറ്റാതെയാവും. അപ്പോൾ നാം അത് ഒഴിവാക്കും.

ഇതുപോലെ നമ്മുടെ ശരീരം നന്നാക്കാൻ പറ്റാതെയാകുമ്പോൾ അസുഖം വന്ന് മരിച്ചുപോകും. കാറിലെ ഡ്രൈവർക്ക് വേറെ വണ്ടിയിൽ കയറാം. എന്നാൽ  ശരീരത്തിലെ ഡ്രൈവർക്ക് വേറെയൊരു ശരീരത്തിലും കയറാൻ സാധ്യമല്ല. ആ സത്ത് പോവുകയാണ് ചെയ്യുന്നത്. പൂർണയോഗ്യമായ ശരീരം അതിന്റെ ധർമം നിർവഹിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനിടയ്ക്ക് അതിന്റെ പ്രവർത്തനം അവസാനിക്കുന്നു.

ശരീരാവയവങ്ങളുടെ പ്രവർത്തനം പൂർണമായി നിലച്ചപ്പോൾ മരണം സംഭവിച്ചു. ശരീരത്തിന്റെ ജീവൻ നഷ്ടപ്പെട്ടു. ജീവൻ നഷ്ടപ്പെട്ടപ്പോൾ സത്ത് പിരിഞ്ഞുപോയി.

ആത്മാവ് പോകുമ്പോഴല്ല മരിക്കുന്നത്. മരിച്ചതിനുശേഷമാണ് ആത്മാവ് പിരിഞ്ഞുപോകുന്നത്. മരിച്ചു, ജീവൻ പോയി, സത്ത് പോയി. ഇതാണ് യഥാർഥത്തിൽ മരണം.

# എങ്ങോട്ടാണ് പോയത്?

മരിച്ചുകഴിഞ്ഞ ശരീരത്തിൽ നിന്ന് പിന്നെ എങ്ങോട്ടാണ് ഈ സത്ത് പോയത്? എങ്ങോട്ടോ പോയിട്ടുണ്ട്. അതാണ് നമ്മൾ അന്വേഷിക്കുന്നത്. അത് അന്വേഷിക്കുവാൻ നമ്മുടെ മുന്നിൽ ഒന്നുമില്ല. കാണിക്കാൻ പറ്റിയ ഒരു ഉദാഹരണവും നമ്മുടെ മുമ്പിലില്ല.

പദാർഥങ്ങൾകൊണ്ടുള്ള ഒരു പ്രപഞ്ചത്തിലാണ് നമ്മൾ ജീവിക്കുന്നത്. പദാർഥങ്ങൾ കൊണ്ടല്ലാത്ത പ്രപഞ്ചത്തെക്കുറിച്ച് ഉദാഹരണങ്ങളിലൂടെയല്ലാതെ മനസ്സിലാക്കാൻ സാധ്യമല്ല. ഉദാഹരണങ്ങളാണ് പരലോകത്തെക്കുറിച്ച് പറയാൻ ഖുർആൻ ഉപയോഗിച്ചതത്രയും. പരലോകത്തെ ജീവിതത്തെക്കുറിച്ചും സ്വർഗം, നരകം എന്നീ രണ്ട് അവസ്ഥയെക്കുറിച്ചും ഖുർആൻ നല്ല ഉപമയാണ് നൽകിയിട്ടുള്ളത്. *സൂക്ഷ്മതയോടുകൂടി ജീവിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗത്തിന്റെ ഉപമ* എന്ന് ഖുർആൻ പ്രയോഗിച്ചതായി കാണാം. വേദഗ്രന്ഥങ്ങളൊക്കെ അങ്ങനെത്തന്നെയായിരിക്കും പറഞ്ഞിരിക്കുക.

സമർഥനായ ഒരു കലാകാരന് മനുഷ്യന്റെ സുഖജീവിതത്തെക്കുറിച്ച് എത്ര മനോഹരമായിട്ട് വർണിക്കുവാൻ കഴിയുമോ അതിനേക്കാൾ മനോഹരമായിട്ടാണ് സുഖജീവിതത്തെക്കുറിച്ച് ദൈവം ഖുർആനിൽ വർണിച്ചിട്ടുള്ളത്. ദുഃഖജീവിതത്തെക്കുറിച്ച് ഖുർആൻ ഭീകരമായി ചിത്രീകരിച്ചതുപോലെ ചിത്രീകരിക്കാൻ ലോകത്ത് ഒരാൾക്കും സാധ്യമല്ല.

ഒരു മനുഷ്യന്റെ സുഖകരമായ ജീവിതം നഷ്ടപ്പെട്ടു പോവുകയില്ല എന്ന ഉറപ്പോടുകൂടി ആഗ്രഹിച്ചതൊക്കെയും കിട്ടിയും ആസ്വദിച്ചും അനുഭവിച്ചും കഴിഞ്ഞുകൂടുന്ന ഒരു ജീവിതം അവിടെയുണ്ട്. അങ്ങനെയാണ് ദൈവംതമ്പുരാൻ സ്വർഗത്തെക്കുറിച്ച് പറഞ്ഞത്. അതൊരു ഉപമയാണ്.

> ഓരോ ജനതയ്ക്കും ഒരു നിശ്ചിത അവധിയുണ്ട്. അവരുടെ അവധി വന്നെത്തിയാൽ പിന്നെ അല്പനേരം പോലും വൈകിക്കാനവർക്കാവില്ല. നേരത്തെയാക്കാനുമാകില്ല.
> വിശുദ്ധ ഖുർആൻ, അധ്യായം: യൂനുസ്, സൂക്തം: 49

## തിളച്ച വെള്ളവും കള്ളിമുള്ളും

അതേപോലെ മനുഷ്യശരീരത്തിൽ എല്ലാ രോമകൂപങ്ങളിലും സദാസമയത്തും അനുഭവപ്പെടുന്ന വേദന തീയിന്റേത് മാത്രമാണ്. ഒരു മനുഷ്യനെ തീയിലേക്കിട്ടാൽ അവന്റെ എല്ലാ അവയവങ്ങളിലും രോമകൂപങ്ങളിലും ഒരേ സമയത്ത് വേദന അനുഭവപ്പെടും. വേദന അനുഭവിക്കുന്നത് തൊലിയിലും അസ്ഥിയിലുമാണല്ലോ. ഇവ നശിക്കുമ്പോൾ വീണ്ടും വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കും. തൊലികൾ ഉരുകിപ്പോകുമ്പോൾ വീണ്ടും തൊലികൾ പിറക്കും. അങ്ങനെ നശിച്ചുപോകാതെ തൊലി ഉണ്ടായിക്കൊണ്ട് ആളിക്കത്തുന്ന തീയിൽ ജീവിക്കുന്ന മനുഷ്യൻ. അവന്റെ മുമ്പിൽ ഭീകരമായ വസ്തുക്കൾ വന്ന് ഭയപ്പെടുത്തുകയും ദാഹം വരുമ്പോൾ അതികഠിനമായ ചൂടുവെള്ളം മാത്രം കിട്ടുകയും  വിശക്കുമ്പോൾ കള്ളിമുള്ളു പോലുള്ള പദാർഥങ്ങൾ തിന്നേണ്ടി വരികയും ചെയ്യുന്ന ഒരു ഭീകരചിത്രം. മനുഷ്യന്റെ ദുഃഖകരമായ ജീവിതത്തെ ചിത്രീകരിക്കാൻ മറ്റൊരു ചിത്രം നൽകാൻ ഒരു കലാകാരനും സാധ്യമല്ല.

രണ്ടു ജീവിതത്തിന്റെ ചിത്രമാണ് ഇവിടെ നൽകിയത്. അങ്ങനെത്തന്നെയാണ് പരലോകമെന്ന് പറയുവാൻ ഖുർആൻ അനുവാദം നൽകിയിട്ടില്ല. പദാർഥങ്ങൾക്കൊണ്ടല്ലാത്ത മറ്റൊരു പ്രപഞ്ചത്തിൽ ദൈവം എങ്ങനെയാണോ ഈ സുഖവും ദുഃഖവും അനുഭവിക്കുവാൻ അവസരമൊരുക്കിയിട്ടുള്ളത്, അങ്ങനെ അനുഭവിക്കുമെന്നേ നമുക്കു പറയാൻ പറ്റൂ.

# അതോടെ എല്ലാം അവസാനിച്ചുവോ?

ഭൂമിയിലെ ജീവിതം അവസാനിച്ചു. സത്ത് (ആത്മാവ്) പോയ ശരീരത്തെ നാം സംസ്കരിച്ചു. എന്നാൽ അതോടെ എല്ലാം അവസാനിച്ചുവോ?

ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന കർമങ്ങളോടു കൂടി ജീവിക്കുന്നവനാണ് മനുഷ്യൻ. അവൻ ചെയ്ത കർമത്തിന്റെ ഫലം ഈ ഭൂമിയിൽ നിന്ന് അവന് ലഭിക്കുന്നുണ്ടോ?

ഈ ക്ഷണികമായ ജീവിതത്തിൽ നാം ഒരുപാട് പ്രവൃത്തികൾ ചെയ്തിരിക്കുന്നു. ആ പ്രവൃത്തികൾക്കൊക്കെയും പ്രകൃതിപരമായ ഫലമുണ്ടാകുകയും അത് കിട്ടുകയും ചെയ്യും. ഒരാളെ അടിച്ചാൽ അയാൾക്ക് വേദനയുണ്ടാകും. ഒരാളെ ആശ്വസിപ്പിച്ചാൽ അയാൾക്ക് സന്തോഷമുണ്ടാകും. രോഗിക്ക് മരുന്ന് കൊടുത്താൽ അയാളുടെ രോഗം മാറും. ഒരു വ്യക്തിക്ക് വിഷം കൊടുത്താൽ അയാൾ മരിച്ചുപോകും.

മനുഷ്യരെന്ന നിലക്ക് മറ്റുള്ളവർക്ക് ഉപകാരമുള്ള ഒരുപാട് പണികൾ നാം ചെയ്യുന്നുണ്ട്. അതേപോലെ ഉപദ്രവകരമായ പണികളും നാം ചെയ്യുന്നുണ്ട്. ഹിരോഷിമയിൽ ഒരു മനുഷ്യൻ ചെയ്ത പ്രവർത്തനത്തിന്റെ ദുഷ്ഫലം ഒരുപാടുപേർ അനുഭവിച്ചു. പൊട്ടിത്തെറിക്കുന്ന ഒരു സാധനം ഒരാളുണ്ടാക്കി. മറ്റൊരാൾ അത് ഹിരോഷിമാ പട്ടണത്തിൽ കൊണ്ടുപോയിട്ടു. അത് പൊട്ടിത്തെറിച്ച് ആ പട്ടണത്തിലെ മനുഷ്യരടക്കമുള്ള ജീവജാലങ്ങൾ ഒന്നിച്ച് ഉരുകി മരിച്ചുപോയി. അവിടത്തെ കെട്ടിടങ്ങൾ തകർന്നു തരിപ്പണമായി. അവശേഷിച്ച ഒന്നുരണ്ടു കെട്ടിടങ്ങൾ ഇന്ന് സ്മാരകമായി അവിടെ നിലനിർത്തിയിരിക്കുന്നു.

## അയാൾ അനുഭവിക്കേണ്ടതില്ലേ?

ഈ തെറ്റ് ചെയ്ത മനുഷ്യന് അയാൾ ചെയ്തതിന്റെ പ്രകൃതി പരമായ ഫലം ഈ ലോകത്ത് അനുഭവപ്പെട്ടുവെങ്കിൽ അതിന്റെ ധാർമികമായ ഫലവും അയാൾ അനുഭവിക്കേണ്ടതുണ്ട്. ഏതാണ് ആ ഫലമെന്ന് നമ്മൾ ചിന്തിക്കുന്നുണ്ടോ? ഒരാൾ മറ്റൊരാളെ അന്യായമായി അടിച്ചാൽ, തിരിച്ചടി കൊള്ളുകയെന്നത് അതിന്റെ ധാർമികഫലമാണ്. അന്യായമായി അടിച്ചയാൾക്ക് ന്യായമായും ഒരടി തിരിച്ചു കിട്ടണം. അപ്പോൾ മനുഷ്യൻ ചെയ്യുന്ന കർമങ്ങളുടെ ധാർമികഫലം അവൻ അനുഭവിക്കേണ്ടതുണ്ട്.

എന്നാൽ ഈ ധാർമികഫലം നമ്മുടെ ജീവിതത്തിൽ നാം അനു ഭവിക്കുന്നുണ്ടോ? തെറ്റ് ചെയ്തവൻ അതിന്റെ ശിക്ഷ അനുഭവി ക്കുന്നുണ്ടോ? കൊല്ലങ്ങളോളം ഈ ലോകത്ത് നല്ലതും നല്ലതല്ലാ ത്തതും ചെയ്തുകൊണ്ട് ക്രൂരമായ ഭരണകൂടങ്ങൾ നിലനിന്നിട്ടില്ലേ? ലക്ഷോപലക്ഷം ആളുകൾ ഭരണാധികാരികളുടെ ക്രൂരതകൾക്ക് വിധേയരായി മരിച്ചുപോയിട്ടില്ലേ? ആയിരത്തി ഒരുനൂറു കൊല്ലം നീണ്ടുനിന്ന, ജയിച്ചും തോറ്റും കടന്നുപോന്ന റോം-പേർഷ്യൻ സാമ്രാജ്യങ്ങൾ നടത്തിയ യുദ്ധത്തിൽ എത്രയെത്ര നിരപരാധികൾ മരിച്ചുപോയിട്ടുണ്ടാകും. ക്രൂരതയല്ലാതെ കാരുണ്യമെന്തെന്നറി യാത്ത ഒരുപാട് ഭരണാധികാരികളും കടന്നുപോയില്ലേ?

# ചെങ്കിസ്ഖാന്റെ 'കാരുണ്യം'

ചെങ്കിസ്ഖാൻ എന്ന ഭരണാധികാരിയുടെ കാരുണ്യത്തെപ്പറ്റി ഒരു കഥയുണ്ട്.

ചെങ്കിസ്ഖാൻ കുതിരപ്പുറത്ത് യാത്രചെയ്യുകയായിരുന്നു. വഴിയിൽ ഒരു വലിയ കുഴിയുടെ അടുത്തുനിന്ന് ഒരു സ്ത്രീ കരയുന്നത് കണ്ടു. ആ സ്ത്രീയുടെ കൈയിൽനിന്ന് കുട്ടി കുഴിയിലേക്ക് വീണിരിക്കുകയാണ്. അവൾക്ക് അതിനെ എടുക്കുവാൻ കഴിയുന്നില്ല.

പെണ്ണിന്റെ കരച്ചിൽകേട്ട് ചെങ്കിസ്ഖാന് കരുണ തോന്നി. അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്ന കുന്തംകൊണ്ട് ആ കുട്ടിയെ കുത്തിയെടുത്ത് പെണ്ണിന് കൊടുത്തു.

അതാണ് ചെങ്കിസ്ഖാന്റെ കാരുണ്യം!

വലിയ വലിയ സാമ്രാജ്യങ്ങൾ നിലനിർത്താൻവേണ്ടി എത്ര യുദ്ധങ്ങളും കലാപങ്ങളും നടന്നു! ഒരു കോടി ആളുകളെ കൊന്ന ഒന്നാം ലോകയുദ്ധത്തിന് –ഒന്നാംലോക ക്രൂരയുദ്ധത്തിന്– നേതൃത്വം നൽകിയവർ ഈ ലോകത്തുണ്ട്. അഞ്ചു കോടി മനുഷ്യരെ ക്രൂരമായി കൊന്ന രണ്ടാംലോക ഭീകരയുദ്ധം നയിച്ചവർ ഇവിടെയുണ്ട്. ഭീകരൻമാരായ ആ ഭരണാധികാരികൾ അവർ ചെയ്തതിന്റെ ധാർമികഫലം ഏറ്റുവാങ്ങി ഈ ലോകത്തുനിന്ന് മരിച്ചുപോയവരാണോ? അങ്ങനെ ഏറ്റുവാങ്ങാൻ മാത്രം വിശാലമാണോ നമ്മുടെ ക്ഷണികമായ ഭൗതികജീവിതം? ഞാൻ ഒരാളെ കൊന്നാൽ പകരം എന്നെ കൊല്ലാം. ഒരു ബോംബിട്ട് ലക്ഷക്കണക്കിനാളുകളെ കൊന്ന മനുഷ്യരെ ഈ ഭൂമിയിലെങ്ങനെ ശിക്ഷിക്കാനാകും?

> അവനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്. നിങ്ങളെല്ലാം മടങ്ങിച്ചെല്ലുന്നത് അവങ്കലേക്കാണ്.
>
> വിശുദ്ധ ഖുർആൻ, അധ്യായം: യൂനുസ്, സൂക്തം: 56

# അത്ര വിശാലമൊന്നുമല്ലാത്ത ലോകം

മനുഷ്യൻ ചെയ്ത കർമങ്ങളുടെ പ്രകൃതിപരമായ ഫലത്തിനനുസരിച്ച് അതിന്റെ ധാർമികഫലം അനുഭവിക്കാൻ കഴിയും വിധത്തിലല്ല ഈ ലോകത്തിന്റെ സ്ഥിതിഗതികൾ. പലപ്പോഴും വിപരീതഫലങ്ങളാണ് ഉണ്ടാവാറുള്ളത്.

മഹാനായ ഗാന്ധിജി ബിർളാമന്ദിരത്തിനു മുമ്പിൽ വെടിയേറ്റു മരിക്കേണ്ടയാളായിരുന്നോ? എബ്രഹാം ലിങ്കൺ വെടികൊണ്ട് മരിക്കേണ്ടയാളായിരുന്നോ? പട്ടിണി കിടക്കുന്നവന്റെ വീട്ടിൽ കയറിച്ചെന്ന് സ്ഥിതിഗതികൾ അന്വേഷിച്ച് ആ പട്ടിണിപ്പാവങ്ങളുടെ പട്ടിണി മാറ്റാൻ സ്വയം ഗോതമ്പുമാവ് ചുമന്നുകൊണ്ടുവന്ന് ഭക്ഷണമുണ്ടാക്കിക്കൊടുത്തിട്ട്, കരഞ്ഞുറങ്ങിയ കുഞ്ഞുങ്ങളെ ചിരിപ്പിച്ച് സ്വന്തം കുടിലിലേക്ക് തിരിച്ചുപോന്ന, യൂഫ്രട്ടീസ് നദീതീരത്ത് ഒരാട്ടിൻകുട്ടി തിന്നാൻ കിട്ടാതെ ചത്തുപോയാൽ ദൈവത്തിന്റെ മുന്നിൽ ഉത്തരം പറയേണ്ടിവരുമെന്ന് ഭയപ്പെട്ട, ലോകം ഇന്നും പ്രശംസിച്ചുകൊണ്ടിരിക്കുന്ന മാതൃകാഭരണം നടത്തിയ മഹാനായ ഉമർ, അബൂലുഅ്ലുഅ എന്ന മനുഷ്യന്റെ കഠാരക്ക് വിധേയനായി മരിക്കേണ്ടയാളായിരുന്നോ?

മനുഷ്യൻ ചെയ്ത കർമങ്ങളുടെ ധാർമികഫലം വിപരീതമായിട്ടല്ലേ പലപ്പോഴും അനുഭവപ്പെടാറുള്ളത്?

കുഷ്ഠരോഗികൾ സാധാരണ ജനങ്ങളുടെ ജീവിതത്തിന് അലോസരമുണ്ടാക്കുമെന്ന് ഭയന്ന് അവരെ മോളോക്കൈ ദ്വീപിലേക്ക് നാടുകടത്തിയപ്പോൾ അവരെ ശുശ്രൂഷിക്കാനായി ആ ദ്വീപിലേക്ക് പോയ ഫാദർ ഡാമിയൻ അവസാനം കുഷ്ഠരോഗം ബാധിച്ച് മരിച്ചു. അദ്ദേഹം ചെയ്ത സേവനത്തിന്റെ ഫലമാണോ അദ്ദേഹത്തിന് ലഭിച്ചത്? നമ്മുടെ കുറഞ്ഞകാല ഐഹികജീവിതത്തിൽ നാം ചെയ്യുന്ന കർമങ്ങളുടെ ധാർമികഫലം നമ്മൾ അനുഭവിക്കുന്നില്ലെന്ന് സാരം.

# മറ്റൊരു ലോകം ആവശ്യമാണ്

എന്നാൽ ഇത് അനുഭവിക്കേണ്ടതില്ലേ? സ്വന്തം കർമങ്ങൾക്ക് നാളെ താൻ ഉത്തരവാദിയാണെന്ന ബോധം മനസ്സിലുണ്ടായിരുന്നുവെങ്കിൽ നമ്മുടെ ജീവിതം നിയന്ത്രിതമാകുമായിരുന്നില്ലേ? അതുകൊണ്ട് ധാർമികഫലമനുഭവിക്കുന്ന മറ്റൊരു ലോകം അനിവാര്യമാണെന്ന് നമുക്ക് തോന്നുന്നില്ലേ?

നമ്മുടെ ജനനവും ജീവിതവും മരണവും ഒരു യാഥാർഥ്യമാണ്. യാഥാർഥ്യമായി നാം അത് അനുഭവിക്കുന്നു. മരിച്ചതിനുശേഷം ഒരു ജീവിതമില്ലെന്നു പറയാൻ നമ്മുടെ മുന്നിൽ എന്തു തെളിവാണുള്ളത്? മരണാനന്തരം ഒരു ജീവിതമുണ്ടെന്നു പറയുവാൻ തെളിവ് ആവശ്യമുള്ളതുപോലെ മരണാനന്തരം ഒരു ജീവിതമില്ലെന്നു പറയുവാനും തെളിവ് ആവശ്യമാണ്. സമർഥിക്കാനും നിഷേധിക്കാനും തെളിവു വേണം. രണ്ടിനും തെളിവില്ലെങ്കിൽ നമുക്കറിഞ്ഞുകൂടാ എന്നേ പറയാൻ പറ്റൂ.

അറിഞ്ഞുകൂടാ എന്നത് ഇല്ല എന്നതിന്റെ തെളിവാകുമോ?

ആകാശത്തുകൂടി വിമാനങ്ങൾ മനുഷ്യരെയും വഹിച്ചുകൊണ്ട് പറന്നുപോകുമെന്നത് നമ്മുടെ കഴിഞ്ഞുപോയ തലമുറകൾക്ക് അറിയുമായിരുന്നില്ല. വീടുകളിൽ സ്ഥാപിച്ച ടെലിവിഷനുകളിൽ ലോകത്തെവിടെയും നടക്കുന്ന കാര്യങ്ങൾ കാണാൻ കഴിയുമെന്നത് നമ്മുടെ പൂർവപിതാക്കൾക്ക് അറിയില്ലായിരുന്നു. നമ്മുടെ മുൻഗാമികൾക്ക് അറിയാത്തതല്ലേ ഇപ്പോൾ നാം അനുഭവിക്കുന്നത്? അറിഞ്ഞുകൂടാ എന്നത് ഒരു വസ്തു ഇല്ല എന്നതിന്റെ തെളിവല്ല. ഇന്നലെ അറിയാത്തത് നാമിന്നറിയും. ഇന്ന് നമ്മുടെ ഭാവനയിൽ പോലും കാണാത്തത് നാളെ നമ്മുടെ കൺമുമ്പിൽ വരും.

യാഥാർഥ്യമിതായിരിക്കെ, മരണത്തിനപ്പുറം എന്താണുള്ളതെന്നറിഞ്ഞുകൂടാത്തതിന്റെ പേരിൽ ദൈവികസംവിധാനമായ പരലോകത്തെ നിഷേധിക്കുന്നവരാകേണ്ടതുണ്ടോ നാം?

> ആരെങ്കിലും നന്മ ചെയ്താൽ അതിന്റെ ഗുണം അവനുതന്നെയാണ്. വല്ലവനും തിന്മ ചെയ്താൽ അതിന്റെ ദോഷവും അവനുതന്നെ. നിന്റെ നാഥൻ ദാസന്മാരോട് തീരെ അനീതി ചെയ്യുന്നവനല്ല.
> വിശുദ്ധ ഖുർആൻ, അധ്യായം: ഫുസ്സിലത്, സൂക്തം: 46

# അവൻ യാത്രയാകുന്നു

നമ്മുടെ ജീവിതത്തിന്റെ തുടക്കവും തുടർച്ചയും അവസാന വേദഗ്രന്ഥമായ ഖുർആൻ വിശദമായി പ്രതിപാദിക്കുന്നു. മണ്ണിൽനിന്ന് തുടങ്ങി, കളിമണ്ണിലൂടെ, സസ്യങ്ങളിലൂടെ, ജീവജാലങ്ങളിലൂടെ, മനുഷ്യരിലൂടെ, പിതാവിന്റെ രേതസ്സ് മാതാവിന്റെ ഗർഭാശയത്തിൽ പടിപടിയായി വളരുന്നു.

1400 കൊല്ലങ്ങൾക്കു മുമ്പ് ഖുർആൻ ഇത് വിവരിക്കുമ്പോൾ ജീവശാസ്ത്രം ഇത്ര വളർന്നിട്ടില്ല. ആ കാലഘട്ടത്തിൽ മനുഷ്യന്റെ വളർച്ചയെക്കുറിച്ച്, അവന്റെ ജൈവികമാറ്റങ്ങളെക്കുറിച്ച് ഖുർആൻ പറഞ്ഞ മുഴുവൻ കാര്യങ്ങളും ഒന്നുപോലും നിഷേധിക്കാതെ ആധുനികശാസ്ത്രം അംഗീകരിക്കുകയാണ് ചെയ്യുന്നത്.

മാതാവിന്റെ ഗർഭാശയത്തിലേക്ക് വന്ന ബീജങ്ങളിലൊന്ന് അണ്ഡവുമായി കൂടിച്ചേർന്ന് ഗർഭാശയത്തിന്റെ ഒരു പാളിയിൽ ഒട്ടിപ്പിടിച്ച് വളരുന്നു. ഇതിന് ഖുർആൻ ഉപയോഗിച്ചത് ‘അലഖ’ എന്ന പദമാണ്. അള്ളിപ്പിടിച്ചു നിൽക്കുന്നത് എന്നാണ് ഈ പദത്തിന്റെ അർഥം.

മാതാവിന്റെ ഗർഭാശയത്തിൽ അള്ളിപ്പിടിച്ചു അവിടെനിന്ന് പോഷ കങ്ങൾ സ്വീകരിച്ചുകൊണ്ട് അത് ഭ്രൂണമായി മാറും. പിന്നീട് അത് അസ്ഥികൂടമായി രൂപാന്തരപ്പെടുകയായി. അതിനുശേഷം ആ അസ്ഥികൂടത്തിന്റെ മുകളിൽ മാംസം പൊതിയും. എന്നിട്ടതിന് റൂഹ് അഥവാ ആത്മാവ് (സത്ത്) നൽകി ഒരു സവിശേഷസൃഷ്ടിയാക്കി മാറ്റുന്നു. പിന്നെയും വളർന്നതിനുശേഷം അതിന് ഭൂമിയിലേക്കുള്ള മാർഗം ദൈവം എളുപ്പമാക്കിക്കൊടുക്കും. അങ്ങനെ, അവൻ ഭൂമി യിലേക്കു വരും.

ഭൂമിയിലെത്തിയാൽ മാതാവിൽനിന്നും പിതാവിൽനിന്നും ആവ ശ്യമുള്ള വിഭവങ്ങൾ സ്വീകരിച്ചുകൊണ്ട് വളർന്നു വലുതാകുന്നു. പിന്നെ അവന്റെ ജീവിതധർമങ്ങൾ പൂർത്തീകരിച്ചതിനുശേഷം ഭൂമി യിൽനിന്നും യാത്രയാകുന്നു. മരിച്ചു പോകുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു:

*മനുഷ്യരേ, ഉയിർത്തെഴുന്നേൽപ്പുനാളിനെക്കുറിച്ച് നിങ്ങൾ സം ശയത്തിലാണെങ്കിൽ ഒന്നോർത്തുനോക്കൂ: തീർച്ചയായും ആദിയിൽ നാം നിങ്ങളെ സൃഷ്ടിച്ചത് മണ്ണിൽനിന്നാണ്. പിന്നെ ബീജത്തി ൽനിന്ന്; പിന്നെ ഭ്രൂണത്തിൽ നിന്ന്; പിന്നെ രൂപമണിഞ്ഞതും അല്ലാത്തതുമായ മാംസപിണ്ഡത്തിൽനിന്ന്. നാമിതു വിവരിക്കുന്നത് നിങ്ങൾക്ക് കാര്യം വ്യക്തമാക്കിത്തരാനാണ്.*

*നാം ഇച്ഛിക്കുന്നതിനെ ഒരു നിശ്ചിത അവധിവരെ ഗർഭാശയത്തിൽ സൂക്ഷിക്കുന്നു. പിന്നെ നിങ്ങളെ നാം ശിശുക്കളായി പുറത്തുകൊണ്ടുവരുന്നു. പിന്നീട് നിങ്ങൾ യൗവനം പ്രാപിക്കുന്നതുവരെ നിങ്ങളെ വളർത്തുന്നു. നിങ്ങളിൽ ചിലരെ നേരത്തെ തന്നെ തിരിച്ചുവിളിക്കുന്നു. എല്ലാമറിയാവുന്ന അവസ്ഥക്കുശേഷം ഒന്നുമറിയാത്ത സ്ഥിതിയിലെത്തുമാറ് അവശമായ പ്രായാധിക്യത്തിലേക്ക് തള്ളപ്പെടുന്നവരും നിങ്ങ ളുടെകൂട്ടത്തിലുണ്ട്.*

*ഭൂമി വരണ്ടു കിടക്കുന്നതു നിനക്കു കാണാം. പിന്നെ നാമതിൽ മഴ വീഴ്ത്തിയാൽ അത് തുടിക്കുകയും വികസിക്കുകയും ചെയ്യുന്നു. കൗതുകമുണർത്തുന്ന സകലയിനം ചെടികളെയും മുളപ്പിക്കുന്നു.*

*അല്ലാഹു തന്നെയാണ് പരമ സത്യമെന്നതാണ് ഇതെല്ലാം തെളി*

*യിക്കുന്നത്. അവൻ മരിച്ചവരെ ജീവിപ്പിക്കുന്നു. എല്ലാ കാര്യത്തിനും കഴിവുറ്റവനാണവൻ.*

*അന്ത്യദിനം വന്നെത്തുക തന്നെ ചെയ്യും; അതിൽ സംശയം വേണ്ട. കുഴിമാടങ്ങളിലുള്ളവരെയെല്ലാം അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുകതന്നെ ചെയ്യും.*

വിശുദ്ധ ഖുർആൻ, അധ്യായം: അൽഹജ്ജ്, സൂക്തം: 5-7

*മനുഷ്യനെ നാം കളിമണ്ണിന്റെ സത്തിൽനിന്ന് സൃഷ്ടിച്ചു.*

*പിന്നെ നാമവനെ ബീജകണമാക്കി ഭദ്രമായ ഒരിടത്ത് സ്ഥാപിച്ചു.*

*അനന്തരം നാം ആ ബീജത്തെ ഭ്രൂണമാക്കി. പിന്നീട് ഭ്രൂണത്തെ മാംസക്കട്ടയാക്കി. അതിനുശേഷം മാംസത്തെ എല്ലുകളാക്കി. എല്ലുകളെ മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് നാമതിനെ തീർത്തും വ്യത്യസ്തമായ ഒരു സൃഷ്ടിയായി വളർത്തിയെടുത്തു. ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു എത്ര അനുഗ്രഹപൂർണനൻ!*

*അതെല്ലാം കഴിഞ്ഞാലോ നിങ്ങളെല്ലാം ഉറപ്പായും മരിക്കേണ്ടവർ തന്നെ.*

*അനന്തരം നിങ്ങളെല്ലാം അന്ത്യനാളിൽ സത്യമായും ഉയിർത്തെഴുന്നേൽക്കപ്പെടേണ്ടവർ.*

വിശുദ്ധ ഖുർആൻ, അധ്യായം: അൽമുഅ്മിനൂൻ, സൂക്തം:12-16

1400 കൊല്ലങ്ങൾക്കുമുമ്പ് ഖുർആൻ ഇങ്ങനെ വിവരിക്കുന്നതെല്ലാം ആധുനികശാസ്ത്രവും അതേപടി അംഗീകരിക്കുന്നുണ്ട്; മരണമുൾപ്പെടെ.

അറിയുക. ഈ ലോകജീവിതം വെറും കളിയും തമാശയും പുറംപൂച്ചും പരസ്പരമുള്ള പൊങ്ങച്ചപ്രകടനവും സമ്പത്തിലും സന്താനങ്ങളിലുമുള്ള പെരുമ നടിക്കലും മാത്രമാണ്. അതൊരു മഴപോലെയാണ്. അതുവഴിയുണ്ടാകുന്ന ചെടികൾ കർഷകരെ സന്തോഷഭരിതരാക്കുന്നു. പിന്നെ അതുണങ്ങുന്നു. അങ്ങനെയത് മഞ്ഞച്ചതായി നിനക്കു കാണാം. വൈകാതെ അത് തുരുമ്പായിത്തീരുന്നു. എന്നാൽ, പരലോകത്തോ കഠിനമായ ശിക്ഷയുണ്ട്. അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവും പ്രീതിയുമുണ്ട്. ഐഹികജീവിതം ചതിച്ചരക്കല്ലാതെ ഒന്നുമല്ല.
വിശുദ്ധ ഖുർആൻ, അധ്യായം: അൽ ഹദീദ്, സൂക്തം: 20

# ആ നാളിനെ നമുക്ക് അംഗീകരിക്കാം

മനുഷ്യന്റെ തുടക്കം മുതൽ മരണം വരെയുള്ള കാര്യങ്ങളിൽ ഖുർആൻ പറഞ്ഞത് ശാസ്ത്രീയമായി ശരിയാണെന്നു പറഞ്ഞ ലോകം മരണശേഷം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമെന്ന് ഖുർആൻ പറഞ്ഞതിനെ നിഷേധിക്കുന്നത് യുക്തിസഹമാണോ?

നമ്മുടെ ജീവിതത്തിൽ കഴിഞ്ഞുപോയ മുഴുവൻ വസ്തുതകളും, നാം മാതാവിന്റെ ഗർഭാശയത്തിൽ രൂപംകൊണ്ട ഓരോരോ ഘട്ടങ്ങളുൾപ്പെടെ നാം ജനിച്ചു വളർന്നു വലുതായി മരിക്കുന്നതുവരെയുള്ള കാര്യങ്ങൾ വേദഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിക്കുന്നത് നമുക്ക് അംഗീകരിക്കുവാൻ കഴിയുന്നുവെങ്കിൽ, അതേ വേദഗ്രന്ഥം ആവർത്തിച്ചാവർത്തിച്ച് ഗൗരവപൂർവം നമ്മോടു പറയുന്ന, മരണശേഷം വരാനിരിക്കുന്ന പരലോകത്തെയും ഉയിർത്തെഴുന്നേൽപ്പിനെയും അംഗീകരിക്കുന്നതല്ലേ ബുദ്ധിപരം?

കോഴിക്കോട്ടുകാരനായ പ്രഗൽഭ ഡോക്ടർ ശ്രീ. രാമചന്ദ്രന്റെ ഒരു പ്രഭാഷണത്തിൽ അറബി ഭാഷയിൽത്തന്നെ ഖുർആനിലെ പദങ്ങൾ ഉദ്ധരിച്ചു പറയുകയാണ്:

"1400 കൊല്ലങ്ങൾക്കുമുമ്പ് മനുഷ്യോൽപ്പത്തിയെക്കുറിച്ച് ഇങ്ങനെ ഒരു ഗ്രന്ഥം പറയണമെങ്കിൽ അത് ദൈവികഗ്രന്ഥമാകാതെ തരമില്ല."

ഇതുപോലെ ഖുർആനിൽ ഒരുപാട് സ്ഥലങ്ങളിൽ ഇക്കാര്യം ആവർത്തിച്ചു പറയുന്നുണ്ട്. ഖുർആന്റെ ഒരു വാക്കുപോലും തെറ്റുന്നില്ല. വിശുദ്ധ ഖുർആൻ പറയുന്നു:

*"മനുഷ്യൻ ചിന്തിക്കട്ടെ, താൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടതെന്ന്. തെറിക്കുന്ന വെള്ളത്തിൽ നിന്ന് അവൻ ഉളവായി. നട്ടെല്ലിനും വാരിയെല്ലുകൾക്കുമിടയിൽ നിന്ന് അത് പുറപ്പെടുന്നു.*

വിശുദ്ധ ഖുർആൻ, അധ്യായം: അത്ത്വാരിഖ്, സൂക്തം: 5-7

മാതാപിതാക്കൾ കൂടിയിണങ്ങി ജീവിക്കുമ്പോൾ അവർ തമ്മിൽ ബന്ധപ്പെടുക വഴി ബീജം അണ്ഡവുമായി ചേരുന്നു. അങ്ങനെ ചേരണമെങ്കിൽ പുരുഷരേതസ്സ് തെറിച്ചു പ്രവഹിക്കേണ്ടതുണ്ട്. ഇക്കാര്യം ആധുനികശാസ്ത്രം ശരിവെക്കുന്ന വസ്തുതയാണ്.

വേദഗ്രന്ഥം പറഞ്ഞ ഇത്രയും കാര്യങ്ങൾ ശാസ്ത്രത്തിനും നമുക്കും അംഗീകരിക്കാൻ കഴിയുന്നുവെങ്കിൽ അതിനുശേഷം വേദഗ്രന്ഥം പറഞ്ഞതുകൂടി ശരിവെക്കാനും അംഗീകരിക്കാനും നമുക്ക് കഴിയേണ്ടതില്ലേ?

അവസാനം ഭൂമിയുടെയും
അതിലുള്ളവരുടെയും
അവകാശിയാകുന്നത് നാം
തന്നെയാണ്. എല്ലാവരും
തിരിച്ചെത്തുന്നതും നമ്മുടെ
അടുത്തേക്കുതന്നെ.
വിശുദ്ധ ഖുർആൻ, അധ്യായം:
മർയം, സൂക്തം: 40

## തന്നവൻ തിരിച്ചു ചോദിക്കുന്നു

“അവനെ തിരികെ കൊണ്ടുവരാൻ കഴിവുറ്റവനാണ് അല്ലാഹു. സ്വകാര്യചെയ്തികൾ പരിശോധിക്കപ്പെടുന്ന ദിവസം, ബലമോ തുണയോ അന്ന് അവനൊട്ടുമുണ്ടാകയില്ല.”

വിശുദ്ധ ഖുർആൻ, അധ്യായം: അത്ത്വാരിഖ്, സൂക്തം: 8–10

എന്ന് വേദഗ്രന്ഥം പറയുന്നതുകൂടി ശരിയാവാനാണ് കൂടുതൽ സാധ്യത എന്നതല്ലേ ബുദ്ധിപരമായിട്ടുള്ളത്? ആദ്യം ജീവൻ നൽകിയത് അവനാണല്ലോ. അവനത് തിരിച്ചു കൊണ്ടുവരാൻ കഴിവുള്ളവനാണ്.

നിഷേധിക്കുന്ന മനുഷ്യനോട് ദൈവം ചോദിക്കുന്നതു നോക്കൂ:

*“മനുഷ്യൻ തുലയട്ടെ! അവനിത്ര നന്ദിയില്ലാത്തവനായതെന്ത്? ഏതൊരു വസ്തുവിൽ നിന്നാണവനെ പടച്ചത്?*

*രേതസ്സിൽനിന്നാണവനെ പടച്ചത്. എന്നിട്ടവനെ രൂപാന്തരം ചെയ്തു. അവന് വഴി എളുപ്പമാക്കിക്കൊടുത്തു. പിന്നെ അവനെ മരിപ്പിച്ചു. മറമാടുകയും ചെയ്തു.*

*എപ്പോൾ ദൈവം ഇച്ഛിക്കുന്നുവോ അപ്പോൾ അവനെ ഉയിർത്തെഴുന്നേൽപിക്കുന്നു.*

വിശുദ്ധ ഖുർആൻ, അധ്യായം: അബസ, സൂക്തം: 17-22

ഇതാണ് ദിവ്യഗ്രന്ഥങ്ങൾ ലോകത്തിന്റെ മുമ്പിൽ വെക്കുന്നത്. പദാർഥവിധേയമായ ഒരു ലോകത്ത് ജീവിച്ചുമരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന്, പദാർഥങ്ങളുടേതല്ലാത്ത മറ്റൊരു ലോകത്തെ അവസ്ഥകൾ ഈ ഭൂമിയിൽ നിന്നുകൊണ്ട് മനസ്സിലാക്കാൻ കഴിയാത്തതിനാൽ ഉപമകളിലൂടെയും ഉദാഹരണങ്ങളിലൂടെയും ദൈവം നമുക്ക് മനസ്സിലാക്കിത്തരുന്നു. നമ്മുടെ ശരീരത്തിലും പരിസരങ്ങളിലും ഒരുപാട് തെളിവുകൾ  നിരത്തിവെച്ചുകൊണ്ടും, നമ്മുടെ തന്നെ കഴിഞ്ഞുപോയ അനുഭവങ്ങൾ മുന്നിൽ വെച്ചുകൊണ്ടും ദൈവം നമ്മെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു. അതിനു  മുമ്പിൽ, നിഷേധിയായി വിലങ്ങടിച്ചു നിൽക്കാതെ 'അറിഞ്ഞുകൂടാ' എന്നു മാത്രം പറഞ്ഞ് മാറിനിൽക്കാനുള്ള ഒരു മാന്യതയെങ്കിലും യഥാർഥത്തിൽ മനുഷ്യൻ കാണിക്കേണ്ടതുണ്ട്.

അറിഞ്ഞുകൂടാത്ത ഒരു കാര്യം ഉണ്ടാകാനും ഇല്ലാതിരിക്കാനും സാധ്യതയുണ്ടല്ലോ. ഉണ്ടായാൽ അതറിഞ്ഞവന് നേട്ടം. ഇല്ലെങ്കിൽ അവന് കോട്ടമൊന്നുമില്ല. കോട്ടമില്ലാത്ത ഒരു നേട്ടം ഉണ്ടാവുകയാണെങ്കിൽ അത് നേടിയെടുക്കുകയല്ലേ വേണ്ടത്? അതുകൊണ്ട്, ഏറ്റവും ചുരുങ്ങിയത് മരണാനന്തരം ഒരു ജീവിതമില്ലെന്ന് പറയാൻ തയ്യാറാകാതെ 'അതെനിക്ക് അറിഞ്ഞുകൂടാ' എന്ന നിലപാട് സ്വീകരിക്കുന്നതല്ലേ നല്ലത്?

> അടുത്തെത്തിയിരിക്കുന്ന ആ നാളിനെപ്പറ്റി നീ അവർക്ക് മുന്നറിയിപ്പു നൽകുക.
> വിശുദ്ധ ഖുർആൻ, അധ്യായം: അൽ മുഅ്മിൻ, സൂക്തം: 18

# വിചാരണയുണ്ടെന്ന വിചാരമുണ്ടാവണം

പരലോകവിശ്വാസം മനുഷ്യനെ അരുതായ്മകളിൽ നിന്ന് തടയുന്നു. 'അരുത്, അത് ജീവനുള്ള കുട്ടിയാണ്... അതിനെ കൊല്ലാൻ പാടില്ല. അഥവാ നീ അതിനെ കൊന്നാൽ ദൈവത്തിന്റെ മുമ്പിൽ അതിന് മറുപടി പറയേണ്ടിവരും' എന്ന ബോധം നേരത്തെ പറഞ്ഞ ക്രൂരകൃത്യത്തിൽനിന്ന് ചെങ്കിസ്ഖാനെ തടയുമായിരുന്നു.

നിരപരാധികളായ ഒരുപാട് മനുഷ്യർ കൊലചെയ്യപ്പെടുന്ന ഒരു കലാപം നാമുണ്ടാക്കരുത്. നമ്മുടെ അധികാരം നിലനിർത്തുവാനായിരിക്കാം. പക്ഷേ, ഒരു അപരാധവും ചെയ്യാത്ത ഒരുപാട് ആളുകൾ കൊലചെയ്യപ്പെടുന്ന ക്രൂരമായ ഒരു കലാപത്തിന് നാം രൂപം നൽകരുത്. അങ്ങനെ നടത്തിയാൽ നാളെ ദൈവത്തിന്റെ മുമ്പിൽ നാം വിചാരണ നേരിടേണ്ടി വരും. നാം ചെയ്ത കർമങ്ങളൊക്കെ അവിടെ നമ്മുടെ മുമ്പിൽ വരും. നമുക്കവിടെ മറുപടിയുണ്ടാവില്ല. ദൈവത്തിന്റെ ശിക്ഷ നാം ഏറ്റുവാങ്ങേണ്ടി വരും.

ആ ലോകത്തെകുറിച്ച് മനുഷ്യർക്കുള്ള ബോധം ഏറ്റവും വലിയ കടിഞ്ഞാണാവുകയില്ലേ? മനുഷ്യൻ ചെയ്യുന്ന മുഴുവൻ പ്രവർത്തനങ്ങളും അവനിൽ രേഖപ്പെട്ടുകിടക്കുന്നു. വേദഗ്രന്ഥങ്ങളും ഖുർആനും അതാണ് പറഞ്ഞത്. മനുഷ്യൻ ചെയ്യുന്ന മുഴുവൻ കർമങ്ങളുടെയും റെക്കോഡ് അവന്റെ ശരീരത്തിലാണ്. അതവന്റെ തൊലിയിൽ രേഖപ്പെട്ടുകിടക്കുന്നു. ഇക്കാലത്ത് മനസ്സിലാക്കുവാൻ നമുക്ക് പ്രയാസമില്ല. സി.ഡി കളിലും തൊലിപോലെത്തന്നെയുള്ള മാഗ്നെറ്റിക് ടേപ്പുകളിലും പ്രപഞ്ചത്തിലെ മുഴുവൻ കാര്യങ്ങളും റെക്കോഡ് ചെയ്യാൻ നമുക്കിന്ന് സാധിക്കുന്നില്ലേ?

# സാക്ഷികൾ ഹാജരുണ്ട്

നിങ്ങൾക്കനുകൂലമായും പ്രതികൂലമായും തൊലി സാക്ഷി നിൽക്കുന്നു. അതുപോലെ അവയവങ്ങളും നിങ്ങൾക്ക് സാക്ഷി നിൽക്കുന്നു. നാവിനെ മുദ്രണം ചെയ്തുകൊണ്ട് ദൈവം കൈകളോട് സംസാരിക്കാൻ പറയും. വിശുദ്ധ ഖുർആൻ അത് വ്യക്തമാക്കുന്നത് ഇങ്ങനെയാണ്:

*അപ്പോളവർ തൊലിയോട് ചോദിക്കും.*

*"നിങ്ങൾ എന്തിനാണ് ഞങ്ങൾക്കെതിരെ സാക്ഷ്യം വഹിച്ചത്?" അവ പറയും: "സകല വസ്തുക്കൾക്കും സംസാരശേഷി നൽകിയ ദൈവം ഞങ്ങളെയും സംസാരിപ്പിച്ചു."*

വിശുദ്ധ ഖുർആൻ, അധ്യായം: ഫുസ്സ്വിലത്, സൂക്തം: 21

മറ്റൊരിടത്ത് ഖുർആൻ പറയുന്നു:

*അന്ന് നാം അവരുടെ വായ അടച്ചു മുദ്രവെക്കും. അവരുടെ കൈകൾ നമ്മോടു സംസാരിക്കും; കാലുകൾ സാക്ഷ്യം വഹിക്കും, അവർ ചെയ്തുകൊണ്ടിരുന്നത് എന്താണെന്ന്.*

വിശുദ്ധ ഖുർആൻ, അധ്യായം: യാസീൻ, സൂക്തം:65

പിന്നീട് നമ്മുടെ കൈയിൽ ഒരു റെക്കോഡ് തരുന്നു. നല്ല മനുഷ്യന്റെ റെക്കോഡ് അവന്റെ വലതു കൈയിൽ കിട്ടുന്നു. സന്തോഷത്തോടുകൂടി റെക്കോഡ് ഏറ്റുവാങ്ങി അവൻ മറ്റുള്ളവരോട് വിളിച്ചുപറയുന്നു:

"ലോകരേ! ഇതാ എന്റെ റെക്കോഡൊന്നു വായിച്ചു നോക്കൂ! എത്ര നല്ല റെക്കോഡ്! ഞാൻ നല്ലതു മാത്രമേ ചെയ്തിട്ടുള്ളൂ. ഞാൻ ആരെയും കൊലചെയ്തിട്ടില്ല. ആരെയും വഞ്ചിച്ചിട്ടില്ല. ഞാൻ ഒരു കലാപവും ഉണ്ടാക്കിയിട്ടില്ല. അന്യായമായ ഒരു യുദ്ധവും നയിച്ചിട്ടില്ല. ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടെങ്കിൽ അത് നീതിക്കുവേ

ണ്ടിയായിരുന്നു. അനീതി നിലനിൽക്കുമ്പോൾ ഞാൻ അതിനെതിരെ പോരാടിയിട്ടുണ്ട്. ഒരിക്കലും ഞാൻ അക്രമിയായിട്ടില്ല. വായിച്ച് പരിശോധിച്ചുനോക്കൂ. ഇങ്ങനെ ഒരു വിചാരണക്ക് സ്രഷ്ടാവിന്റെ കോടതിയിൽ ഞാൻ വിധേയനാകുമെന്നെനിക്കറിയാമായിരുന്നു. ഞാൻ അത് വിശ്വസിച്ചു. അതുകൊണ്ട് ഞാൻ എന്റെ ജീവിതത്തിൽ സൂക്ഷ്മത പുലർത്തി.”

വിശുദ്ധ ഖുർആൻ പറയുന്നു:

*“അപ്പോൾ കർമപുസ്തകം തന്റെ വലതുകൈയിൽ കിട്ടുന്ന വർ പറയും: ‘ഇതാ എന്റെ കർമപുസ്തകം. വായിച്ചു നോക്കുക. ഇങ്ങനെയൊരു വിചാരണ നേരിടേണ്ടിവരുമെന്ന് എനിക്കുറപ്പുണ്ടാ യിരുന്നു’ അങ്ങനെ അവൻ സംതൃപ്തമായ ജീവിതത്തിലെത്തുന്നു. ഉന്നതമായ സ്വർഗത്തിൽ.”*

വിശുദ്ധ ഖുർആൻ, അധ്യായം: അൽ ഹാഖ, സൂക്തം:19-22

അതേ സമയം ഇടതു കൈയിൽ റെക്കോഡ് കിട്ടിയ മനു ഷ്യൻ പറയും:

ഇങ്ങനെ ഒരു റെക്കോഡ് കിട്ടാതിരുന്നുവെങ്കിൽ എത്ര നന്നാ യിരുന്നു. എന്റെ അധികാരം എന്നെ നശിപ്പിച്ചുവല്ലോ. എന്റെ സമ്പത്ത് എന്നെ രക്ഷിച്ചില്ലല്ലോ. അധികാരമുള്ളതു കൊണ്ടായി രുന്നു ഞാൻ ഇതൊക്കെ ചെയ്തുകൂട്ടിയത്. ഒരുപാട് സമ്പത്ത് എനിക്ക് ഉണ്ടായിരുന്നു. അതുകൊണ്ടൊന്നും എനിക്ക് നേട്ടമുണ്ടാ ക്കുവാനായില്ലല്ലോ. ഞാൻ നശിച്ചുവല്ലോ. എന്റെ നാശമേ!

അവൻ കേഴുന്നതിനെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

*“എന്നാൽ, കർമപുസ്തകം ഇടതുകൈയിൽ കിട്ടുന്നവനോ, അവൻ പറയും: ‘കഷ്ടം! എനിക്കെന്റെ കർമപുസ്തകം കിട്ടാതെ പോയെങ്കിൽ!*

*എന്റെ കണക്ക് എന്തെന്ന് ഞാൻ അറിയാതെ പോയെങ്കിൽ! കഷ്ടം! മരണം എല്ലാത്തിന്റെയും ഒടുക്കമായിരുന്നെങ്കിൽ!*

*എന്റെ ധനംകൊണ്ടൊരു കാര്യവുമുണ്ടായില്ല. എന്റെ അധികാ രങ്ങളൊക്കെയും എനിക്ക് നാശമായി ഭവിച്ചു.”*

വിശുദ്ധ ഖുർആൻ, അധ്യായം: അൽഹാഖ, സൂക്തം: 25-29

# താൻ താൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ...

നാം ചെയ്ത കർമങ്ങളുടെ ധാർമികഫലം നാം തന്നെ അനുഭവിക്കേണ്ടതുണ്ട്. അത് നാം ഏറ്റു വാങ്ങണം. ഓരോ മനുഷ്യന്റെയും നന്മ തിന്മകളുടെയും ഫലം അവന്റെ സ്വന്തം ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമുക്ക് ലഭിച്ച റെക്കോഡിലെ നന്മതിന്മകളുടെ കണക്ക് പരിശോധിക്കാൻ നാം തന്നെ മതി. അതിന് മറ്റൊരാൾ ആവശ്യമില്ല. ആരെങ്കിലും നല്ലത് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ഫലം അവന് ലഭിക്കും. ആരെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ദുഷ്ഫലവും അവൻതന്നെ അനുഭവിക്കേണ്ടിവരും. നേർമാർഗം സ്വീകരിച്ചുകൊണ്ട് ആരെയും ഉപദ്രവിക്കാതെ നീതിയുടെയും കാരുണ്യത്തിന്റെയും വിമോചനത്തിന്റെയും മാർഗത്തിലൂടെ മുന്നോട്ട് പോയിട്ടുണ്ടെങ്കിൽ അതിന്റെ നല്ല ഫലം അവനുതന്നെയാണ് ലഭിക്കുക. തെറ്റായ മാർഗത്തിലൂടെയാണ് പോയതെങ്കിൽ ദുഷ്ഫലവും അവൻതന്നെ അനുഭവിക്കേണ്ടിവരും. ഒരു പാപിയും മറ്റൊരാളുടെ പാപത്തെ ഏറ്റെടുക്കേണ്ടിവരില്ല. ഒരു ദൂതനെ നിയോഗിച്ചുകൊണ്ട് നന്മതിന്മകളെ വേർതിരിച്ചു മനസ്സിലാക്കികൊടുത്തിട്ടല്ലാതെ ഒരു ജനതയെയും സ്രഷ്ടാവ് ശിക്ഷിക്കുകയില്ല.

വിശുദ്ധ ഖുർആൻ പറയുന്നു:

*“ഓരോ മനുഷ്യന്റെയും ഭാഗധേയത്തെ നാം അവന്റെ കഴുത്തിൽ തന്നെ ബന്ധിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേൽപുനാളിൽ നാം അവനുവേണ്ടി ഒരു കർമരേഖ പുറത്തിറക്കും. അത് തുറന്നു വെച്ചതായി അവനു കാണാം.*

*നിന്റെ ഈ കർമപുസ്തകമൊന്നു വായിച്ചുനോക്കുക. ഇന്നു നിന്റെ കണക്കു നോക്കാൻ നീ തന്നെ മതി*

വിശുദ്ധ ഖുർആൻ, അധ്യായം: അൽ ഇസ്റാഅ്, സൂക്തം:13,14

*“അന്നാളിൽ ജനം പല സംഘങ്ങളായി പുറപ്പെടും; തങ്ങളുടെ പ്രവർത്തനഫലങ്ങൾ നേരിൽ കാണാൻ . അങ്ങനെ അണുത്തൂക്കം നന്മ ചെയ്തവൻ അതു കാണും. അണുത്തൂക്കം തിന്മ ചെയ്തവൻ അതും കാണും”*

വിശുദ്ധ ഖുർആൻ, അധ്യായം: അസ്സൽസല, സൂക്തം: 6-8

# ആരും മറ്റൊരുത്തന്റെ ഭാരം ചുമക്കുകയില്ല

*“ആർ നേർവഴി സ്വീകരിക്കുന്നുവോ, അതിന്റെ ഗുണം അവനുതന്നെയാണ്. ആർ വഴിവിട്ടു നടക്കുന്നുവോ അതിന്റെ ദോഷവും അവനുതന്നെ. ആരും മറ്റൊരുത്തന്റെ ഭാരം ചുമക്കുകയില്ല. ദൂതനെ നിയോഗിക്കുംവരെ (നന്മതിന്മകളെ വേർതിരിച്ചു മനസ്സിലാക്കിക്കൊടുക്കുംവരെ) നാമാരെയും ശിക്ഷിക്കുകയുമില്ല.”*

വിശുദ്ധ ഖുർആൻ, അധ്യായം: അൽ ഇസ്റാഅ്, സൂക്തം:15

*മനുഷ്യനെ ബോധവൽക്കരിച്ചതിനുശേഷം ആ മാർഗത്തിൽ നിന്ന് വ്യതിചലിച്ച്, ശത്രുപക്ഷത്ത് ചേർന്ന് നന്മയുടെ മാർഗത്തിൽ തടസ്സം നിൽക്കുമ്പോൾ അവനെ ശിക്ഷിക്കുകയെന്നത് ദൈവത്തിന്റെ നടപടിക്രമങ്ങളിൽ പെട്ടതാണ്. അവന് ദൈവം മാപ്പു കൊടുത്തിട്ടില്ലെങ്കിൽ പരലോകത്തും അവൻ ശിക്ഷ ഏറ്റുവാങ്ങേണ്ടിവരും. മാപ്പ് നൽകൽ ദൈവത്തിന്റെ അധികാരത്തിൽപ്പെട്ടതാണ്.*

വിശുദ്ധ ഖുർആൻ പറയുന്നു:

*“ആകാശഭൂമികളിലുള്ളതൊക്കെയും ദൈവത്തിന്റേതാണ്. നിങ്ങളുടെ മനസ്സിലുള്ളത് നിങ്ങൾ വെളിപ്പെടുത്തിയാലും മറച്ചുവെച്ചാലും ദൈവം നിങ്ങളെ അതിന്റെ പേരിൽ വിചാരണ ചെയ്യും. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ മാപ്പു കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ ശിക്ഷിക്കുന്നു. ദൈവം എല്ലാ കാര്യങ്ങൾക്കും കഴിവുറ്റവനാണ്”*

വിശുദ്ധ ഖുർആൻ, അധ്യായം: അൽ ബഖറ, സൂക്തം: 284

*മരണശേഷമുള്ള ലോകത്തെപ്പറ്റിയുള്ള ദൃഢവിശ്വാസം, ദൈവത്തെ സ്നേഹിച്ചും ദൈവികവ്യവസ്ഥകളംഗീകരിച്ചും ജീവിക്കുന്ന നല്ല മനുഷ്യർക്ക് ഒരു കടിഞ്ഞാണാണ്. ആ കടിഞ്ഞാണില്ലെങ്കിൽ പിന്നെ എത്ര വലിയ അനുഷ്ഠാനങ്ങളും ആചാരങ്ങളും കൊണ്ടുനടന്നാലും മനുഷ്യൻ നന്നാവില്ല; ലോകം നന്നാവില്ല.*

## മരിച്ചവരുടെ സ്മാരകങ്ങൾ

മരിച്ചാലും മറക്കില്ലല്ലോ നമ്മൾ പലരെയും. രാജ്യത്തിനുവേണ്ടി പോരാടി മരിച്ചവർ. പാർട്ടിക്കുവേണ്ടി രക്തസാക്ഷികളായവർ. വിശ്വാസത്തിന്റെയും ആദർശത്തിന്റെയും പേരിൽ വീരമൃത്യു വരിച്ചവർ. ജീവിച്ചിരുന്ന കാലത്ത് മറ്റുള്ളവർക്കായി കഷ്ടപ്പെടുകയും ത്യാഗമനുഷ്ഠിക്കുകയും ചെയ്ത് ശാന്തമായ മരണം ഏറ്റുവാങ്ങിയവർ. ജീവിച്ചിരിക്കെ, മറ്റുള്ളവർക്കായി എന്തെങ്കിലും നന്മകൾ ചെയ്തവർ. തനിക്കുവേണ്ടി മാത്രമല്ലാതെ ജീവിച്ചവർ. സ്വന്തത്തേക്കാൾ അന്യർക്കായി ഓടിനടന്നവർ. തനിക്കു ചുറ്റുമുള്ളവരിലേക്ക് നന്മയുടെയും സ്നേഹത്തിന്റെയും വെളിച്ചം പരത്തിയവർ.......

അവരെ ഓർക്കാൻ നാം പല തരത്തിലുള്ള സ്മാരകങ്ങളുണ്ടാക്കുന്നു. അവരുടെ പേരിലുള്ള കെട്ടിടങ്ങൾ, വായനശാലകൾ, അവാർഡുകൾ, റോഡുകൾ....... അങ്ങനെ പലതും.

## മരണശേഷം ശൂന്യതയാണോ?

ജീവിതം മരണത്തിലേക്കും മരണം നിത്യമായ ശൂന്യതയിലേക്കുമാണ് നമ്മെ കൊണ്ടുപോകുന്നതെങ്കിൽ പിന്നെന്തിന് ജീവിത്തിൽ നാം കുറേ നല്ല കാര്യങ്ങൾ ചെയ്യണം? ആദർശങ്ങൾകൊണ്ട് വെറുതെ നമ്മുടെ ജീവിതകാലം ശ്വാസംമുട്ടിക്കഴിക്കണം? എന്തിന് രക്തസാക്ഷ്യം വരിച്ച് ജീവിതം പാഴാക്കണം? നിർമിക്കാനും നശിപ്പിക്കാനും ഒരുപോലെ ശക്തിയുള്ള ഈ മനുഷ്യജീവിതം വെറും പാഴ്ക്കിനാവാണെന്നുവന്നാൽ?..

## വെറുതെയല്ല, ഈ മനുഷ്യജന്മം

മനുഷ്യജീവിതം കേവല വിനോദമല്ല. മരണത്തിലൂടെ അവസാനിക്കുന്നതുമല്ല. മനുഷ്യജീവിതത്തിനുപിന്നിൽ സ്രഷ്ടാവായ ദൈവം ചില ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുണ്ടെന്ന് ഖുർആൻ പറയുന്നു.

**മനുഷ്യൻ വിചാരിക്കുന്നുവോ, അവൻ വെറുതെയങ്ങ് ഉപേക്ഷിക്കപ്പെടുമെന്ന്?**
വിശുദ്ധ ഖുർആൻ,
അധ്യായം: അൽ ഖിയാമ, സൂക്തം: 36

മനുഷ്യകർമങ്ങളുടെ പ്രതിഫലനങ്ങൾ തികവുറ്റ രീതിയിൽ അനുഭവിക്കാനാകുന്നത് മരണമെന്ന തിരശ്ശീല ഉയർത്തപ്പെടുന്നതോടെയാണെന്ന് ഖുർആനിൽനിന്ന് മനസ്സിലാക്കാം.
**അണു അളവ് നന്മ ആരെങ്കിലും പ്രവർത്തിച്ചാൽ അതവൻ അവിടെ കാണും. അണു അളവ് തിന്മ ആരെങ്കിലും പ്രവർത്തിച്ചാൽ അതുമവൻ അവിടെ കാണും.**
വിശുദ്ധ ഖുർആൻ,
അധ്യായം: അസ്സൽസല, സൂക്തം: 7,8

## വഴിയാത്രക്കാരാ,
## ഇത് ഇടത്താവളമാണ്

ജീവിതയാത്രയിലെ ഇടത്താവളം മാത്രമാണ് ഈ ലോകം. ഇവിടെ ജീവിച്ചു മരിക്കുകയെന്നതിലൊതുങ്ങുന്നില്ല നമ്മുടെ ജന്മലക്ഷ്യം. ഈ ജീവിതയാത്ര പരലോകത്താണ് അവസാനിക്കുന്നത്. ഓരോ ദിവസം കഴിയും തോറും നാം ആ ലക്ഷ്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. താങ്കൾ അതിനെപ്പറ്റി ബോധവാനാണോ?

## വിരലടയാളങ്ങൾ പതിയുന്നു

നിങ്ങൾ എവിടെയെങ്കിലും ഒന്നുതൊട്ടാൽ തൊട്ടിടത്ത് നിങ്ങളുടെ കൈവിരലടയാളങ്ങൾ പതിയുന്നു. ഏതെങ്കിലും വഴിയിലൂടെ സഞ്ചരിച്ചാൽ, അതിന്റെ തെളിവായി നിങ്ങളുടെ ശരീരത്തിന്റെ ഗന്ധം അന്തരീക്ഷത്തിൽ വ്യാപരിക്കുന്നു. അപ്രകാരം തന്നെ നിങ്ങളുടെ വാക്കുകൾ ഇവിടെ നശിക്കാതെ നിലനിൽക്കുന്നു. അതായത്, മനുഷ്യന്റെ കർമങ്ങളൊക്കെയും വളരെ കണിശമായും സൂക്ഷ്മമായും ഇവിടെ രേഖപ്പെടുത്തുന്നുണ്ട്. എല്ലാം അവന് അനുകൂലമായോ പ്രതികൂലമായോ മരണശേഷം പരലോകത്ത് സാക്ഷ്യം വഹിക്കുന്നു. രേഖപ്പെടുത്തപ്പെടാതെ, മനുഷ്യന്റെ ഒരു വാക്കുമിവിടെ ഉണ്ടാകുന്നില്ലെന്ന് വിശുദ്ധഖുർആൻ അസന്ദിഗ്ദമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ മരണശേഷം മനുഷ്യൻ തന്റെ കർമങ്ങൾക്കനുസൃതമായി സ്വർഗമോ നരകമോ ഏറ്റുവാങ്ങേണ്ടിവരും. ഓരോ മനുഷ്യനും താൻ സമ്പാദിച്ചതിന് ബാധ്യസ്ഥനായിരിക്കും.മനുഷ്യരിൽ ഇവ്വിധം കർമഫലം അനുഭവിക്കുന്ന ഇടമാണ് മരണാനന്തരമുള്ള പരലോകം.